# ധനാഢ്യവിസ്താരം

**കൈത്താക്കാലം അഞ്ചാംഞായർ ,ലൂക്കാ 16:19–31**

ഫാ. ജോസഫ് ഇലഞ്ഞിമറ്റം

**സൂ**വിശേഷങ്ങളിൽ പേരുവച്ച ഏക ഉപമയെന്ന സവിശേഷതയുണ്ട് ധനവാന്റെയും ലാസറിന്റെയും കഥനത്തിന്. ലാസർ എന്ന ദരിദ്രന്റെ പേരിനു പുറമെ ധനവാന് ദീവസ് എന്നൊരു പേരും പ്രസിദ്ധമാണ്. Dives et Lasarus എന്ന ഉപമയുടെ ലത്തീൻ പേരിൽനിന്നാണ് ധനവാന് ഈ പേരു കൈവന്നത്. വചനത്തിന്റെ കോടതിയിൽ ഈശോയുടെ കഥാപാത്രങ്ങളെ യുക്തിയുടെ ഗൗണിട്ട് ഒന്നു വിസ്തരിച്ചുനോക്കാം. നരകത്തിൽ പോകാൻ മാത്രം ധനവാൻ ചെയ്ത തെറ്റെന്താണ്? സ്വർഗ്ഗം സ്വന്തമാക്കത്തക്കതായി ലാസറിന്റെ മേന്മയെന്ത്? യഥാർത്ഥത്തിൽ ധനവാൻ ഇക്കാലത്തുള്ള ധനവാന്മാരെക്കാൾ എത്രയോ മെച്ചമാണ്! തന്റെ വാതിൽക്കൽ കിടക്കാൻ ലാസറിനെ അനുവദിക്കുന്നെങ്കിലുമുണ്ട്. ഇക്കാലത്താണെങ്കിൽ സിൽബന്ധികളെ ക്കൊണ്ടു തല്ലിക്കുകയും പോലീസിനെക്കൊണ്ട് ലാസറിനെ ഒഴിപ്പിക്കുകയും ചെയ്യുമായിരുന്നു. പോരാത്തതിന് സഹോദരന്മാർക്ക് തന്റെ ഗതികേടു വരാതിരിക്കാനുള്ള അദ്ദേഹത്തിന്റെ കരുതൽ ഇക്കാലത്ത് എത്ര ധനികർക്കുണ്ട്? ഭക്ഷണാനന്തരം അപ്പംകൊണ്ടു കൈതുടച്ചിടുക എന്നത് അക്കാലത്തു ധനവാന്മാരുടെ രീതിയായിരുന്നു. അതു നായ്ക്കൾ കടിപിടി കൂടി കൊണ്ടുപോവുകയോ മറ്റോ ചെയ്തിരുന്നതിനാൽ ലാസറിനു കിട്ടിയില്ല. അതിന് അയാളെ എന്തിനു പഴിക്കണം? എന്നുതന്നെയല്ല അലസത മൂലം സാമ്പത്തികമായി വളരാതിരുന്ന ഒറ്റത്താലന്തുകാരനും മോടിയുള്ള വിവാഹവേഷമില്ലാതെ വന്നവനുമെല്ലാം സുവിശേഷത്തിലെ പാപികളാണല്ലോ. ധനവാനുവേണ്ടി പ്രതിഭാഗത്തുനിന്ന് ഇത്രയുമെങ്കിലും പറഞ്ഞേ തീരൂ.

വാദിഭാഗത്തുനിന്നു പുതിയ നിയമധാർമ്മികതയുടെ അർത്ഥതലങ്ങളുടെ ഇഴകീറുമ്പോഴേ വിധിനിർണ്ണയം സാധ്യമാവൂ. ദൈവകല്പനകളുടെ പാലനം പഴയനിയമവിശ്വാസിയുടെ ലക്ഷണമാണ്. ദൈവരാജ്യത്തിന്റെ പൗരൻ അതിനുമപ്പുറം തുഴയേണ്ടവനാണ്. മിശിഹായുടെ നിയമത്തിൽ പാപങ്ങളുടെ എണ്ണം രണ്ടെണ്ണം കൂടിയുണ്ട്. 'ഹൃദയത്തിന്റെ പാപവും, ഉപേക്ഷാപാപവും'. മനോഭാവങ്ങളിലെ വിശുദ്ധിയുടെ അഭാവമായ ഹൃദയത്തിന്റെ പാപം ഗിരിപ്രഭാഷണത്തിൽ അനാച്ഛാദനം ചെയ്യപ്പെടുന്നു. ഉപേക്ഷാപാപം സംബന്ധിച്ചുള്ള പ്രബോധനം ധനവാനിലും ലാസറിലുംകൂടി സുവ്യക്തമാകുകയും ചെയ്യുന്നു. നിയമപ്രകാരം ധനവാനു ലാസറിനുമേൽ ബാധ്യതയില്ല; ഉപദ്രവിക്കാതിരുന്നാൽ മതിയാകും. ദൈവരാജ്യത്തിന്റെ

മാപിനിയിൽ അതു താഴേക്കിടയിലുള്ള ആത്മീയതയാണ്; അപൂർണ്ണവും. ഇവിടെ ഈശോ നിയമത്തിന്റെ പൂർത്തീകരണവുമായികടന്നുവരുന്നു. എന്റെ സഹോദരൻ ഇല്ലായ്മക്കാരനായി തുടരുന്നെങ്കിൽ അതിൽ അനീതിയുണ്ട്. കാരണം അവനുംകൂടിയുള്ളതാണ് ദൈവം എനിക്കു നൽകിയിരിക്കുന്നത്. അവൻ ദരിദ്രനായി തുടരുന്നത് അവനവകാശപ്പെട്ടതായി ദൈവം എന്നെ ഏല്പിച്ചത് ഞാൻ അവനു കൊടുക്കാതിരുന്നതിനാലാണ്. അതിനാൽ അതിൽ കൊടിയ അനീതിയുണ്ട്. കാരണം വി. പൗലോസ് ചോദിക്കുന്നതുപോലെ "ദാനമായി ലഭിച്ചതല്ലാതെ നമുക്കെന്തുണ്ട്? ദരിദ്രന്റെ നിലവിളിക്കു ചെവികൊടുക്കാത്തവനു വിലപിക്കേണ്ടിവരും. അത് ആരും കേൾക്കുകയുമില്ല" (സുഭാ 21,13) എന്നത് അക്ഷരാർത്ഥത്തിൽ അയാളുടെ ജീവിതത്തിൽ സംഭവിച്ചു. "നിങ്ങൾ ഭൂമിയിൽ ആഡംബരപൂർവ്വം സുഖലോലുപരായി ജീവിച്ചു. കൊലയുടെ ദിവസത്തേക്കു നിങ്ങളുടെ ഹൃദയങ്ങളെ നിങ്ങൾ കൊഴുപ്പിച്ചിരിക്കുന്നു" (യാക്കോ 5,5) എന്നത് അയാളുടെ ജീവിതത്തിൽ യാഥാർത്ഥ്യമായി. ഞാൻ ദരിദ്രനെങ്കിൽ അതെന്റെ ഭൗതികപ്രശ്നം മാത്രമാണ്; എന്നാൽ എന്റെ അയല്ക്കാരൻ ദരിദ്രനെങ്കിൽ അത് എന്റെ ആത്മീയപ്രശ്നമാണ് എന്ന വിമോചനദൈവശാസ്ത്രത്തിന്റെ കാഴ്ചപ്പാട് ഈ പശ്ചാത്തലത്തിൽ പ്രസക്തമാവുന്നു. ലാസർ സ്വർഗ്ഗം അവകാശമായി അനുഭവിച്ചത് അവൻ ദരിദ്രനായതുകൊണ്ടല്ല മറിച്ച് ലാസറായതുകൊണ്ടാണ്. അതായത് അവന്റെ പേരു സൂചിപ്പിക്കുന്നതുപോലെ ദൈവം മാത്രം സഹായത്തിനുള്ളവൻ. ധനവാൻ സ്വർഗ്ഗത്തിൽ പ്രവേശിക്കാതിരുന്നത് അവൻ ധനവാനായതുകൊണ്ടല്ല. ഒന്ന്, അവൻ ധനത്തിൽ മാത്രം സഹായം കണ്ടെത്തിയതിനാലാണ്. രണ്ട്, ധനം തന്റേതു മാത്രമായി കണ്ടു എന്നതിനാലും. ദരിദ്രരെ ഭാഗ്യവാന്മാരായി കാണുന്നതാണ് സുവിശേഷത്തിലെ ശൈലി. അത് തങ്ങളുടെ അലസതമൂലം ദരിദ്രരായിത്തീർന്നവരെ ഉദ്ദേശിച്ചല്ല, മറിച്ച് ചൂഷകവ്യവസ്ഥിതി മൂലം അങ്ങനെയായിത്തീർന്നവരെ ഉദ്ദേശിച്ചാണ്. 'ദരിദ്രന്റെ കുഞ്ഞിനു രോഗംവന്നാൽ അവൻ ആദ്യം വിളിക്കുന്നത് ദൈവത്തെയാണ്; പിന്നെ ഡോക്ടറെ അന്വേഷിക്കും. ധനവാൻ ആദ്യം ഡോക്ടറെയും അവസാനം ദൈവത്തെയും വിളിക്കും. ദരിദ്രന് പണത്തിനാവശ്യം വരുമ്പോൾ ആദ്യം വിളിക്കുന്നത് ദൈവത്തെയാണ്; പിന്നെ ബാങ്കുമാനേജരെയും. ധനവാൻ ആദ്യം ബാങ്കു മാനേജരെയും അവസാനം ദൈവത്തെയും വിളിക്കും'. സമ്പത്തു വർദ്ധിക്കുമ്പോൾ നഷ്ടപ്പെടുന്ന ദൈവാശ്രയബോധത്തെയാണിതു സൂചിപ്പിക്കുന്നത്. ഒപ്പം വ്യക്തമായ ഒന്നാം പ്രമാണലംഘനത്തിന്റെ സൂചന ഇതിലുണ്ട്. സ്വർഗ്ഗം കൊട്ടിയടയ്ക്കാൻ മാത്രം നികൃഷ്ടവസ്തുവൊന്നുമല്ല പണം. അതൊരു നിഷ്ചേഷ്ടമായ ക്രയവിക്രയോപാധി മാത്രം. പക്ഷേ സമ്പത്താണ് പ്രഥമശരണമെന്ന മനോഭാവം ഉള്ളവർക്കു മുമ്പിൽ സ്വർഗ്ഗം അടഞ്ഞുതന്നെ കിടക്കും. ധനവാന്റെയും ലാസറിന്റെയും ക്രോസുവിസ്താരം നടത്തിയിട്ട് പുതിയ നിയമപരിപ്രേക്ഷ്യത്തിൽ ഇപ്രകാരം വിധി പറയാം: "ചെയ്യേണ്ട നന്മ

ഏതാണെന്നറിഞ്ഞിട്ടും അതു ചെയ്യാതിരിക്കുന്നവൻ പാപം ചെയ്യുന്നു'' (യാക്കോ. 4,17). ലാസറിന് ധനവാൻ ഭൂമിയിൽ വിരുന്നു നിഷേധിച്ചപ്പോൾ ധനവാന് ദൈവം സ്വർഗ്ഗത്തിലെ വിരുന്നു നിഷേധിച്ചു. പങ്കുവയ്ക്കാത്തവർക്ക് ദിവ്യകാരുണ്യംകൂടി നിഷേധിക്കപ്പെടുന്നതായി 1 കോറി 11 ൽ പൗലോസ് ശ്ലീഹായും പഠിപ്പിക്കുന്നുണ്ടല്ലോ.

ദാരിദ്ര്യം ദൈവാനുഗ്രഹത്തിന്റെ കുറവാകയാൽ ദരിദ്രരെ വെറുക്കപ്പെട്ടവരായി കാണുകയും ചെയ്യുന്ന പഴയനിയമമനോഭാവത്തിൽനിന്നു മാറി ദരിദ്രരോടു പക്ഷം ചേരുന്ന ശൈലിയാണ് പുതിയ നിയമത്തിന്റേത്. ഭൂമിയിൽ സ്വത്തു സൂക്ഷിക്കാവുന്ന ഏറ്റവും സുരക്ഷിതസ്ഥാനം ദരിദ്രന്റെ വയറും അവന്റെ ഭവനവുമെന്ന് സഭാപിതാവായ ജോൺ ക്രിസോസ്റ്റോം പഠിപ്പിക്കുന്നത് ഇതിനോടു ചേർന്നാണ്. ''ദരിദ്രരോടു ദയ കാണിക്കുന്നവൻ കർത്താവിനാണു കടം കൊടുക്കുന്നത്. അവിടന്ന് ആ കടം വീട്ടും'' (സുഭാ. 19,17) എന്ന പഴയനിയമശാസനയും മറക്കാതിരിക്കാം. മത്തായി 25-ാം അധ്യായം പഠിപ്പിക്കുന്നത് ദരിദ്രൻ നമ്മുടെ വിധി നിർണ്ണയിക്കുമെന്നല്ലേ? ധനവാന്റെ വിധിയുടെ മാനദണ്ഡം ലാസറായി മാറി. ധനവാനിലും ലാസറിലും ശ്രദ്ധയൂന്നി നില്ക്കുമ്പോൾ വിട്ടുപോകരുതാത്ത ഒരു പ്രമേയം കൂടി ഈ ഉപമ നല്കുന്നുണ്ട്. നമ്മളാർക്കും വേണ്ടി സ്പെഷ്യൽ പ്രബോധനമെന്നും സ്വർഗ്ഗത്തിൽനിന്നു നേരിട്ട് ഇക്കാലത്ത് സംപ്രേഷണം ചെയ്യില്ല എന്നതാണത്. ഇന്നത്തെ മോശയും പ്രവാചകരുമായ തിരുവചനത്തെയും തിരുസഭയെയും ചെവിക്കൊണ്ട് ചുവടുവച്ചാൽ പിഴയ്ക്കില്ല. അല്ലെങ്കിൽ അടുത്ത ചുവട് പിശാചിന്റെ തറവാട്ടിലാവും. 'ഇത് എന്റെ ദാസന്മാരായ പ്രവാചകന്മാർ വഴി ഞാൻ പറഞ്ഞ വാക്കുകളെ അവർ ശ്രവിക്കാതിരുന്നതുകൊണ്ടാണ്. കർത്താവ് അരുളിച്ചെയ്യുന്നു. ഞാൻ ഇടവിടാതെ അവരെ അയയ്ച്ചിട്ടും നിങ്ങൾ അവരുടെ വാക്കു കേട്ടില്ല' (ജറെ. 29,19 എന്നത് കേൾക്കാൻ ഇടവരരുത്.

# സമ്പന്നതയുടെ പ്രശ്നം

ഫാ.ജോർജ് ദാനവേലിൽ

'തൂക്കുകട്ട സംസ്കാരത്തിന്റെ കാല'മെന്നാണ് ഈ കാലഘട്ടത്തെ ചിലസാമൂഹികശാസ്ത്രജ്ഞർ വിശേഷിപ്പിക്കുക. കാരണം, ഇന്ന് ഒരുവ്യക്തിയെ വിലയിരുത്തുക ആ വ്യക്തി ആരാണ് എന്നു നോക്കിയല്ല, ആ വ്യക്തിക്ക് എന്തുണ്ട് എന്ന് തൂക്കിനോക്കിയാണ്, അവന്റെ സമ്പത്ത്, സ്വാധീനം, അധികാരം ഇതൊക്കെയാണ് തൂക്കിനോക്കുക. ഇങ്ങനെ തൂക്കിനോക്കുമ്പോൾ തൂക്കം ഉള്ളവൻ ഗണിക്കപ്പെടുന്നു, ഇല്ലാത്തവൻ അവഗണിക്കപ്പെടുന്നു, സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറ്റി നിർത്തപ്പെടുന്നു. മനുഷ്യൻ, ഒരുവന് എന്തുണ്ട് എന്നു തൂക്കിനോക്കുമ്പോൾ ദൈവം നോക്കുക ഒരുവന് എന്തുണ്ട് എന്നല്ല, ഒരുവൻ എന്താണ് എന്നാണ്.

സമൂഹത്തിൽ സ്വീകാര്യനായിരുന്നവൻ ദൈവതിരുമുമ്പിൽ തിരസ്കൃതനായതിന്റെയും സമൂഹത്തിൽ തിരസ്കൃതനായിരുന്നവൻ ദൈവതിരുമുമ്പിൽ സ്വീകാര്യനായതിന്റെയും കഥയാണ് നമുക്കേറെ സുപരിചിതമായ ധനവാന്റെയും ലാസറിന്റെയും ഉപമ നല്കുന്നത്.

മാനുഷികമായ വിലയിരുത്തലിൽ ഉപമയിലെ ധനവാൻ നല്ലൊരു മനുഷ്യനായിരുന്നു. അയാൾ തന്റെ സ്വത്തുസമ്പാദിച്ചത് തെറ്റായ വഴിയിലൂടെയായിരുന്നു എന്നതിന്റെ യാതൊരു സൂചനയും ഉപമയിലില്ല. അയാൾ ആരെയും ദ്രോഹിച്ചതായിട്ടും നാം വായിക്കുന്നില്ല. തനിക്കു സ്വന്തമായിരുന്ന സ്വത്ത് ഉപയോഗിച്ചു ജീവിതം ആസ്വദിച്ചു എന്നതു ശരിയാണ്. പക്ഷേ തന്റെ മേശയിൽനിന്നു വീഴുന്ന അപ്പക്കഷണങ്ങൾ പെറുക്കിയെടുക്കാൻ ലാസറിനെ അനുവദിക്കാൻപോലും അയാൾ തയ്യാറായി. മാത്രമല്ല തന്റെ സഹോദരങ്ങളെ അയാൾ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നിരിക്കണം. അതിനാലാണല്ലോ തനിക്കുഭവിച്ച വിപത്ത് തന്റെ സഹോദരങ്ങൾക്കു സംഭവിക്കരുത് എന്ന് അയാൾ ആഗ്രഹിച്ചത്. ഇങ്ങനെ സാമാന്യം ഒരു നല്ല മനുഷ്യനായിട്ടാണ് ധനവാൻ ഉപമയിൽ കാണപ്പെടുന്നത്. എന്നിട്ടും അയാൾ ശിക്ഷിക്കപ്പെട്ടു. ഇത് എന്തുകൊണ്ട് സംഭവിച്ചു? തന്റെ ദയനീയാവസ്ഥയിൽ സഹായത്തിനായി യാചിക്കുന്ന ധനവാനോട് എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്എന്ന് പിതാവായ അബ്രാഹം വിശദീകരിക്കുന്നു. നിനക്കു ജീവിതകാലത്ത് എല്ലാ സുഖസൗകര്യങ്ങളും ലഭിച്ചിരുന്നു. ലാസറിനോ കഷ്ടതകളും. ഇപ്പോൾ ഇവൻ ഇവിടെ ആനന്ദിക്കുകയും നീ വേദന അനുഭവിക്കുകയും ചെയ്യുന്നു (ലൂക്കാ 16/25). സമ്പത്തും ജീവിതസുഖസൗകര്യങ്ങളും ഉള്ളവരെല്ലാം ശിക്ഷിക്കപ്പെടുമെന്നോ ഈ ലോകത്തിൽക്ലേശങ്ങളും ദാരിദ്ര്യവും അനുഭവിക്കുന്നവരെല്ലാം മരണശേഷം സമ്മാനിതരാകുമെന്നോ അല്ല ഇവിടെ അർത്ഥമാക്കുക.

തന്റെ പടിവാതില്ക്കൽ ജീവൻ നിലനിർത്താൻ തന്റെ സഹായം കാത്തു കിടക്കുന്നവനെ കാണാൻ കണ്ണില്ലാതെപോയി എന്നതാണ് ധനവാന്റെമേൽ ആരോപിക്കപ്പെട്ട കുറ്റം. ധനവാന്റെ തെറ്റ് എന്തെങ്കിലും ചെയ്തു എന്നതല്ല മറിച്ച്, ചെയ്യാമായിരുന്നത് ചെയ്യ്തില്ല എന്നതാണ്.



# മരണാനന്തരജീവിതം സൗഭാഗ്യകരം

ഡോ. മാണി പുതിയിടം

**വന്നവഴി അറിയുന്നവൻ (ലേവ്യ 23:33-44)**

ആധുനികയുഗം ആഗോളവ്യാപാരയുഗമാണ്. വ്യാപാരത്തിൽ മുന്നിട്ടുനിൽക്കുന്നവൻ സമ്പന്നനായി. പെട്ടെന്നു നിലംപൊത്താനും അധികസമയം വേണ്ട. നിമിഷത്തിനു പണക്കാരൻ, അടുത്ത നിമിഷത്തിൽ വഴിയാധാരം. ആകാശവിമാനം സ്വന്തമായിരുന്നവന് ഒരു സൈക്കിളിനുപോലും നിവൃത്തിയില്ലാത്ത കാലം വരും. നേർവഴിക്കു കടന്നുവന്നവനു വഴിയറിയാൻ ബുദ്ധിമുട്ടുണ്ടാവില്ല. വളവും തിരിവുമായി വന്നവനു പിറകോട്ടു നോക്കുക ദുഷ്ക്കരമാവും. രണ്ടുസെന്റു ഭൂമിയിൽ കൂലിപ്പണിയായി കഴിഞ്ഞവൻ ഇന്നു കൊട്ടാരത്തിൽ വസിക്കാം; അനേകായിരങ്ങളുടെ യജമാനനായി വർത്തിച്ചുവെന്നും വരാം. എങ്കിലും സത്യസന്ധൻ തന്റെ മുൻകാലത്തെക്കുറിച്ച് ഓർമ്മയും സദാ താഴ്മയും ഉള്ളവനായിരിക്കും. ദൈവം തന്നെ കൈപിടിച്ചു നടത്തിയതിന്റെ സ്മരണ ഹൃദയത്തിൽ നന്ദിയുടെയും ഭക്തിയുടെയും വികാരങ്ങളുണർത്തും. അഹങ്കാരിയായ പുതുപ്പണക്കാരൻ സ്വയം നിന്ദാപാത്ര മായിപ്പരിഗണിക്കാം. മോശ ജനത്തോട് പറഞ്ഞു, ''തങ്ങൾ വന്നവഴി അറിയുന്നവരാവണം.''അതു കർത്താവ് അരുൾചെയ്തതാണ്. ദൈവമാണ് അവരെ മരുഭൂമിയിലൂടെ കൈപിടിച്ചു നടത്തിയത്. അന്നവർ വസിച്ചത് കൂടാരങ്ങളിലായിരുന്നു. ഇന്നവർ മണിമന്ദിരങ്ങളിലായി. അതിനാൽ എല്ലാ വർഷവും ഒരാഴ്ച കൂടാരത്തിരുനാളായി ആചരിക്കണം. ഏഴു ദിവസത്തേക്കു നിങ്ങൾ കൂടാരങ്ങളിൽ വസിക്കണം. ഈജിപ്തു ദേശത്തുനിന്നു ഞാൻ ഇസ്രായേൽജനത്തെ കൊണ്ടുവന്നപ്പോൾ അവർ കൂടാരങ്ങളിലാണു വസിച്ചത് എന്നു നിങ്ങളുടെ സന്തതിപരമ്പര അറിയുവാൻ ഇസ്രായേൽക്കാരെല്ലാവരും കൂടാരങ്ങളിൽ വസിക്കണം''(ലേവ്യ.23.43).

**തിന്മയുടെ വഴിനാശം (ഏശ28:4-22)**

അഴിമതിയുടെ കൂത്തരങ്ങായി പൊതുജീവിതം മാറാം. എന്നാലതു നാശത്തിന്റെ മുന്നോടിയാണ്. എവിടെ തിരിഞ്ഞാലും കൈക്കൂലിയില്ലാതെ കാര്യം നടക്കുകയില്ല.

ഉത്തരവാദിത്വനിർവഹണമെന്നത് പൊതുജീവിതത്തിൽ പാഴ്വാക്കായി. വ്യവസ്ഥാപിതശമ്പളം സർക്കാരിൽനിന്നു പറ്റുന്നവനും കിമ്പളം കിട്ടിയാലേ ജോലി ചെയ്യൂ. പാവപ്പെട്ടവനും വീടില്ലാത്തവനും കൈക്കൂലിക്കു വശമില്ലാത്തവനും പിന്തള്ളപ്പെടുന്നു. ദരിദ്രന്റെ നിലവിളി ദൈവസന്നിധിയിൽ എത്തുമ്പോൾ തിന്മ ചെയ്തവന്റെമേൽ കോപാഗ്നി ആളിക്കത്തും. "ജറൂസലേമിൽ ജനത്തെ ഭരിക്കുന്ന നിന്ദകരേ, കർത്താവിന്റെ വചനം ശ്രവിക്കുവിൻ. മരണവുമായി ഞങ്ങൾ ഒരുടമ്പടിയുണ്ടാക്കി, പാതാളവുമായി ഞങ്ങൾക്കൊരു കരാറുണ്ട്. മഹാമാരി പാഞ്ഞുവരുമ്പോൾ അതു ഞങ്ങളെ സ്പർശിക്കുകയില്ല. എന്തെന്നാൽ വ്യാജമാണ് ഞങ്ങളുടെ അഭയം, നുണയാണു ഞങ്ങളുടെ സങ്കേതം എന്നു നിങ്ങൾ പറഞ്ഞു. അതിനാൽ ദൈവമായ കർത്താവ് അരുൾചെയ്യുന്നു: ഇതാ, ഞാൻ സീയോനിൽ ഒരു കല്ല് അടിസ്ഥാനമായി ഇടുന്നു. വിലയുള്ള മൂലക്കല്ല് ഉറപ്പുള്ള അടിസ്ഥാനമായി ഇട്ടിരിക്കുന്നു. വിശ്വസിക്കുന്നവൻ ചഞ്ചലചിത്തനാവുകയില്ല. ഞാൻ നീതിയെ അളവുചരടും, ധർമ്മനിഷ്ഠയെ തൂക്കുകട്ടയും ആക്കും; കന്മഴ വ്യാജത്തിന്റെ അഭയസങ്കേതത്തെ തൂത്തെറിയും; പ്രവാഹങ്ങൾ അഭയകേന്ദ്രത്തെ മുക്കിക്കളയും. മരണവുമായുള്ള നിങ്ങളുടെ ഉടമ്പടി അസാധുവാക്കും. പാതാളവുമായുള്ള നിങ്ങളുടെകരാർനിലനിൽക്കുകയില്ല"(ഏശ28:17-18).

**അജപാലകന്റെ ആകുലത (2കോറി12:14-21)**

മനുഷ്യനു തിന്മയിലേക്കുള്ള ചായ്‌വിനാണു നന്മയിലേക്കുള്ള ആഭിമുഖ്യത്തേക്കാൾ ശക്തി. ഭൗതികലോകത്തിൽ കണ്ണിനും കാതിനും വിഷയമായവയൊക്കെ ദൈവത്തിൽനിന്ന് അകറ്റുന്നവയാണ്. എന്നാൽ, അജപാലകസന്ദേശവും ദൈവവചനവും നിമിഷനേരത്തേക്ക് ഹൃദയങ്ങളെ ആത്മീയതലത്തിലേക്കുയർത്തുന്നു. അതുപോലെതന്നെ അവ തിരിച്ച് ഭൗതികതയിലേക്കു താഴുകയും ചെയ്യുന്നു. വി. പൗലോസ് ശ്ലീഹാ കോറിന്തോസുകാരെ അധികമായി സ്നേഹിച്ചു. അവർക്കുവേണ്ടി ഏറെ കഷ്ടപ്പെട്ടു. താൻ തന്നെ അവർക്കു ഭാരമാകാതിരിക്കാൻ സ്വന്തം കൈകൾകൊണ്ട് അദ്ധ്വാനിച്ച് ഉപജീവനം നടത്തി. അദ്ദേഹം അധികമായി സ്നേഹിച്ചിട്ടും അദ്ദേഹത്തോട് അവർക്ക് മതിയായ സ്നേഹമുണ്ടെന്ന് അദ്ദേഹത്തിനു തോന്നിയില്ല. മാത്രവുമല്ല അവർ വീണ്ടും വിഗ്രഹാരാധനയിലേക്കും മറ്റു തിന്മകളിലേക്കും തിരിച്ചുപോകുമോയെന്നും ഭയപ്പെടുന്നുണ്ടായിരുന്നു. ഞാൻ നിങ്ങളെ കൂടുതൽ സ്നേഹിക്കുന്തോറും നിങ്ങൾ എന്നെക്കുറച്ചു മാത്രമാണോ സ്നേഹിക്കേണ്ടത്?... പ്രിയപ്പെട്ടവരേ, ഞങ്ങൾ യഥാർത്ഥത്തിൽ നിങ്ങളുടെ അഭ്യുന്നതിക്കുവേണ്ടി ദൈവസമക്ഷം സമസ്തവും ക്രിസ്തുവിലാണു പ്രസംഗിച്ചിരുന്നത്. ഒരുപക്ഷേ, ഞാൻ വരുമ്പോൾ ഞാൻ ആഗ്രഹിക്കുന്ന നിലയിൽ നിങ്ങളെയും നിങ്ങൾ ആഗ്രഹിക്കുന്ന നിലയിൽ എന്നെയും കാണാതിരിക്കുമോയെന്നു ഞാൻ ഭയപ്പെടുന്നു. കലഹവും അസൂയയും കോപവും മത്സരവും അപവാദവും പരദൂഷണവും

അഹന്തയും അസ്വസ്ഥതയും ആയിരിക്കുമോ കണ്ടെത്തുന്നത്? ഞാൻ വീണ്ടും നിങ്ങളുടെ മുമ്പിൽ എളിമപ്പെടുത്തുമോ എന്ന് എനിക്കു ഭയമുണ്ട്. നേരത്തെ പാപം ചെയ്തവരും, എന്നാൽ തങ്ങളുടെ അശുദ്ധിയെക്കുറിച്ചും വ്യഭിചാരത്തെക്കുറിച്ചും പശ്ചാത്തപിക്കാത്തവരുമായ അനേകരെ ഓർത്തു വിലപിക്കേണ്ടിവരുമോയെന്നും ഞാൻ ഭയപ്പെടുന്നു"(2കോറി 12:16-20).

**ധനവാന്റെ മരണം (ലൂക്കാ16:19-31)**

മരണം മനുഷ്യന്റെ പേടിസ്വപ്നം. പക്ഷേ മരിക്കാതിരിക്കാൻ പറ്റുകയുമില്ല. ധനവാനും മരിക്കണം. ദരിദ്രനും മരിക്കണം. ഇവിടെ ദൈവചിന്തയില്ലാത്ത ധനവാന്റെ മരണമാണു ചിന്താവിഷയം. ഈശോ പറഞ്ഞ ദരിദ്രൻ മരിച്ചു. അവൻ അബ്രഹാമിന്റെ മടിയിലേക്കു സ്വീകരിക്കപ്പെട്ടു. ധനവാൻ മരിച്ചു. അവൻ നിത്യപീഡനത്തിലേക്കും ആനയിക്കപ്പെട്ടു. ദരിദ്രന്റെ സൗഭാഗ്യത്തെക്കുറിച്ചു ധനവാനു ദർശനം നൽകി. അതാണ് അവന് ഏറ്റം വലിയ വേദന. വെറും ദരിദ്രൻ അബ്രഹാമിന്റെ മടിയിൽ. അവൻ വിരൽമുക്കി ഒരുതുള്ളി വെള്ളം തന്നിരുന്നെങ്കിൽ! പക്ഷേ, അതു സാദ്ധ്യമല്ല. ജീവിതകാലത്ത് ദരിദ്രനെ പരിഗണിക്കാത്തവന് അതിനു യോഗ്യതയില്ല. ധനവാനും ലാസറും ജീവിക്കുന്ന യാഥാർത്ഥ്യങ്ങൾ. മരണത്തോടടുക്കുക ഭയാനകമാകാം. എന്നാലത് ആനന്ദപ്രദവുമാകാം. എങ്ങനെ വേണമെന്നു തീരുമാനിക്കേണ്ടതു നാം തന്നെ. മരണാനന്തരജീവിതത്തെ വിശ്വാസത്തിലൂടെ കാണുന്നവന് അതു സന്തോഷപ്രദമാകും. അപ്പോൾ ജീവിതം അതനുസരിച്ചു ക്രമീകരിക്കും. കരുണയായിരിക്കും ആ ജീവിതത്തിന്റെ മുഖമുദ്ര. എന്തെന്നാൽ കരുണ തേടുന്നവനാണു വിശ്വാസി. അവൻ കരുണ കണ്ടെത്തുകയും ചെയ്യും.മരണാനന്തര ജീവിതത്തിൽ വിശ്വാസമില്ലാത്തവന്റെ മരണം മഹാവേദനാജനകം. മരിക്കാൻ അവൻ തയ്യാറാവുകയില്ല. മറ്റുള്ളവരെല്ലാം ജീവിച്ചിരിക്കുമ്പോൾ താൻ മാത്രം മരിക്കാൻ പാടില്ലായെന്നവൻ ശഠിക്കും. പക്ഷേ, ദുർബലത മനസ്സിനെ കീഴടക്കും. അപ്പോൾ നിരാശനാവും. നിരാശയും കോപവും അസൂയയും ദ്വേഷവും ഹൃദയത്തിൽ നിറയും. ഒരിക്കൽകൂടി പിടിച്ചുനിൽക്കാൻ പയറ്റിനോക്കും. തളർന്ന് സ്വയം ശപിച്ചു മരണത്തിനു വിട്ടുകൊടുക്കും. ഒരു മനുഷ്യന്റെ ഏറ്റം ദുർഭഗമായ നിമിഷം!ദൈവത്തിന്റെ കരുണയിലേക്കും മഹത്ത്വത്തി ലേക്കുമാണു മരണത്തിലൂടെ നാം പ്രവേശിക്കുക. അതിനനുസൃതമായി ദൈവം തന്ന കഴിവുകൾ മറ്റുള്ളവർക്കായി വിനിയോഗിക്കുന്നവർ ഭാഗ്യവാന്മാർ.

# കാപട്യത്തിന്റെ പിടിയിലോ?

ഡോ.തോമസ്സ് പാറയ്ക്കൽ

വി.**ലൂ**ക്കായുടെ സുവിശേഷം 16-ാം അദ്ധ്യായം സമ്പത്തിനെക്കുറിച്ചുള്ള വിചിന്തന ങ്ങളാണ്.സമ്പത്തിനെ തിന്മയോ പാപവാഹിയോ ആക്കുന്നത് അതിന്റെ വിനിമയത്തിലും വിതരണത്തിലും പുലർത്തുന്ന വ്യക്താനുശീലനങ്ങളാണ്. ദ്രവ്യാസക്തിയും പണം സംരക്ഷിക്കാനുള്ള വ്യഗ്രതയും ചെലവഴിക്കുന്നതിലുള്ള പിശുക്കും ജീവിതത്തെ ധനചിന്ത മാത്രമാക്കുമ്പോൾ അപകടം സംഭവിക്കുന്നു.

വസ്ത്രം, ആഡംബരം, ഭക്ഷണം ആദിയായവയിൽ അഭിരമിക്കുന്ന ധനികനും അവന്റെ പടിവാതിലിലെ ലാസറുമാണ് ഉപമയിലെ മുഖ്യപാത്രങ്ങൾ. ഉപമയുടെ സ്ഥലകാലപശ്ചാത്തലങ്ങൾ ഇതിനു സമാനമുള്ളതാണ്. ഭൂമി, നരകം, സ്വർഗ്ഗം, ജീവിതം, മരണം, മരണാനന്തരം, നായ്ക്കൾ, ലാസർ, ധനികൻ, അബ്രാഹം എന്നിങ്ങനെ വിവിധ സ്ഥലങ്ങളും കാലങ്ങളും കഥാപാത്രങ്ങളുമായി മൂന്നു ലോകത്തിലും ചേർന്നു ലസിക്കുന്ന ഉപമ ഇതിഹാസരൂപംതന്നെ.

പണക്കാരന്റെ പടിവാതിലിൽ ലാസർ കിടക്കുന്നു. നിരന്തരമായ ഇച്ഛാനുഭവങ്ങളിൽ മുഴുകി ധനികൻ. അവന്റെ ജീവിതം ആഡംബരപൂർണ്ണം, അധികാരപ്രമത്തം, സമ്പൽസമൃദ്ധം. നഗ്നത, നിസ്വത, നിരാലംബത എന്നിവ മാത്രം ദരിദ്രന്. ധനികന്റെ മേശയിലെ വിഭവങ്ങൾ സ്വപ്നം കണ്ട് അവന്റെ ഉച്ഛിഷ്ടങ്ങളിൽ ലാസറിന്റെ ജീവിതം ഒടുങ്ങി. മരണമെന്ന യാഥാർത്ഥ്യത്തിന് അവർ കീഴടങ്ങി. അവിടെയും അവർ ഭിന്നത പുലർത്തി. ''ദൈവദൂതന്മാർ ദരിദ്രനെ അബ്രാഹത്തിന്റെ മടിയിലേക്ക് കൊണ്ടുപോയി'' (ലൂക്ക16:22). അവൻ എടുക്കപ്പെട്ടു. ധനവാനും മരിച്ച് അടക്കപ്പെട്ടു (ലൂക്ക 16:22). അടക്കപ്പെടാനും എടുക്കപ്പെടാനുമുള്ള സാദ്ധ്യതകൾ ഭൗമികജീവിതത്തിലുണ്ട്. ജീവിതവീഥിയിൽ ധനവാന്റെ പടിവാതിൽ സമൃദ്ധിയുടെയും സന്തോഷത്തിന്റെയും അതിർരേഖയായിരുന്നു. ധനികന്റെ അമിതവസ്ത്രം, ദരിദ്രന്റെ അല്പവസ്ത്രം; ശരീരകോമളിമ, അളിഞ്ഞവ്രണങ്ങൾ; ഭക്ഷണസമൃദ്ധി, ദാരിദ്ര്യസമൃദ്ധി ഇവ ജീവിതത്തിലെ വൈപരീത്യ സമന്വയങ്ങളാകുന്നു. ധനികസാഹചര്യത്തിലെ സുഖഭോഗലാലസതയും ദരിദ്രന്റെ പരിമിതസൗകര്യങ്ങളിലെ കഷ്ടദുരിതങ്ങളും ഒരുമുനയിൽ അവസാനിക്കുന്നു. മരണം!!!.

ഈ ലോകജീവിതത്താൽ നിർണ്ണയിക്കപ്പെടുന്നതും മരണാനന്തരം അനുഭവമാകുന്നതുമാണ് നരകവും സ്വർഗ്ഗവും. ഭൂമിയിലെ നന്മ തിന്മകൾക്കനുസൃതമായി മരണാനന്തരം ലഭിക്കുന്ന അനുഭവങ്ങളുടെ ലോകം. ഭയപ്പെടുത്തുന്നതും വേദനപ്പെടുത്തുന്നതുമാണ് നരകം. തീയും

ചാകാത്ത പുഴുവും നരകത്തെ ഏറെ ഭീതിദമാക്കുന്നു. ധനവാൻ ഈ ലോകത്തിന്റെ സമൃദ്ധിയിൽ നിന്ന് നരകത്തിയീലാണെത്തുന്നത്. ഇഹത്തിലെ ധനമോ യശസ്സോ ആഭിജാത്യമോ മറുലോകത്ത് അപ്രസക്തമാണ്. കാത്തിരിക്കുന്നതിനെ ഏറ്റുവാങ്ങുകയേ നിവൃത്തിയുള്ളൂ. നരകത്തിൽ പീഡിപ്പിക്കപ്പെടുന്നവൻ സ്വാഭാവികമായും കണ്ണുകൾ മേല്പോട്ടുയർത്തി. മണ്ണിൽനിന്ന് വിണ്ണിലേക്ക് കണ്ണുയർത്തിയില്ലെങ്കിലും നരകത്തിൽ നിന്ന് ഉന്നതങ്ങളിലേക്ക് കണ്ണും മനസ്സും തിരിക്കുന്നു. അബ്രാഹത്തിന്റെ മടിയിൽ ഉപവിഷ്ഠനായിരിക്കുന്ന ലാസറിനെ അവൻ തിരിച്ചറിഞ്ഞു. മാനുഷികചിന്തകൾ അവനിൽ വേലിയേറ്റമുണ്ടാക്കി. നരകത്തിലും എന്റെ നാവു തണുപ്പിക്കാൻ ഒരു തുള്ളിവെള്ളം ഇറ്റിച്ചുതരുവാൻ ലാസറിനെ അനുവദിക്കണമേ. ലോകജീവിതനാളുകളിൽ അവരിരുവരും അനുഭവിച്ചവയുടെ ഗുരുലഘുത്വം വിശകലനം ചെയ്തു അബ്രാഹം. ലോകജീവിതകാലത്തിന്റെ സൃഷ്ടിയായ ഒരഗാധഗർത്തം ഇവർക്കിടയിലുണ്ട് സൂചനയും സൂക്ഷ്മഗ്രാഹികളാകാൻ നമ്മെ നിർബന്ധിക്കുന്നു. ഭൗതികതയിലധിഷ്ഠിതമായി രചിക്കപ്പെടുന്ന വേർതിരിവുകൾ വരാനിരിക്കുന്ന കാലത്ത് അഗാധഗർത്തങ്ങളായി പരിണമിക്കും. നമ്മുടെ കാലങ്ങളിൽ ചമയ്ക്കപ്പെടുന്ന വേർതിരിവുകളുടെ മുദ്രകൾ വരുംകാലത്ത് നമുക്കായി ഗർത്തങ്ങൾ തീർക്കുമോ?തന്റെ സഹോദരങ്ങൾക്കായുള്ള കരുതലിന്റെ യാചനയും സ്വീകാര്യമാകുന്നില്ല. 'അവർക്ക് മോശയും പ്രവാചകന്മാരുമുണ്ട്. അവരെ ശ്രവിക്കട്ടെ'' (ലൂക്ക 16: 20). ഉപദേശിക്കാനും വഴിനടത്താനും കാലഘട്ടം തിരഞ്ഞെടുത്ത പ്രവാചകന്മാരും നേതാക്കളും എല്ലായിടത്തുമുണ്ട് അവരുടെ വചസ്സുകളാണ് ജീവിക്കുന്നവരുടെ വഴികളെ ക്രമപ്പെടുത്തേണ്ടത്. ദൈവത്തിന്റെ വഴികൾ നിന്നെ പഠിപ്പിക്കുവാൻ അയ്ക്കപ്പെട്ടിരിക്കുന്നവരെ തിരസ്കരിക്കുന്നത് ശാശ്വത തിരസ്ക്കരണഹേതുവെന്ന താക്കീതും വിസ്മൃതമാകരുത്. പ്രവാചകരെയും വചനദാതാക്കളെയും വിശ്വസിക്കാത്തവന് മരിച്ചവരിൽ നിന്നുയിർത്തവന്റെ വാക്കുകൾക്കുള്ള സാദ്ധ്യതയുമില്ല. അബ്രഹാമിന്റെ അവസാനവാക്കുകൾ നമ്മുടെ കാലത്തിനോടും നമ്മോടുമുള്ളതാണ്. സ്വർഗ്ഗത്തിലിരിക്കുന്ന അബ്രാഹവും നരകത്തിൽ പീഡിപ്പിക്കപ്പെടുന്ന ധനികനും ഭൂമിയിലെ മനുഷ്യരുടെ ജീവിതവിഗതികളെ വിലയിരുത്തുകയും വിശകലനവിധേയമാക്കുകയും ചെയ്യുന്നു. ഭൂവാസികളെക്കുറിച്ചുള്ള വ്യക്തമായ അഭിപ്രായ പ്രകടനങ്ങളുമുയരുന്നു. സ്വർഗ്ഗവും നരകവും ഭൂമിയിലേക്കുറ്റുനോക്കുന്നു. ഭൂമിയിലുള്ളവരുടെ ജീവിത ഭാഗധേയമാണവരുടെ മുഖ്യവിഷയം. അവർ ഇവിടുത്തേതെല്ലാം കണ്ടറിയുന്നു. മരിച്ചവർ അവിടെ സജീവരായിരിക്കുകയും വർത്തമാനകാലത്തെപ്പോലും യുക്തിവിചാരത്തിനു വിധേയമാക്കുകയും ചെയ്യുന്നു. മണ്ണിൽ ജീവിക്കുന്നവർ ഇവിടെ എത്തരുതെന്നാണ് നരകവാസിയുടെ ആഗ്രഹം. ഭൂമിയിലുള്ളവരെക്കുറിച്ച് മരണാനന്തരജീവിതത്തിന്റെ ഇരുലോകങ്ങളിലും വസിക്കുന്നവർക്ക് കരുതലുണ്ട്. മരണാനന്തര മുദിക്കുന്ന കരുതൽ

നിരർത്ഥകമാണ്. കരുതൽ ഇന്നിന്റേതാകണം. ജീവിക്കുന്ന മനുഷ്യന്റേതാകണം. വരുംലോകത്ത് ജീവിക്കാൻ വേണ്ടിയാകണം. കാലഘട്ടത്തിന്റെ പ്രവാചകരെ ശ്രവിക്കുന്നതാകണം.

## ഫലവിചാരം

1) എടുക്കപ്പെടാനുള്ളതാകണം ജീവിതങ്ങൾ. അടക്കപ്പെടാനുള്ള അടക്കമില്ലായ്മ വർജ്ജ്യം.

2) എവിടെയും ഗർത്തങ്ങൾ മനുഷ്യസൃഷ്ടിയാണ്. ധനികനെയും ലാസറിനെയും പടിവാതിക്കലോളം അടുപ്പിച്ചവനാണ് ദൈവം. വീട്ടിലും പടിവാതിക്കലുമായി കഴിയുമ്പോൾ ഗർത്തങ്ങൾ തീർക്കരുത്.

3) ജീവിച്ചിരിക്കുന്നവർക്ക് വഴികാട്ടുക; വചനവും കാലത്തിന്റെ വചനദാതാക്കളുമാണ്.